(സി) ശ്രീമതി ഗിരിജയുടെ ഭർത്താവ് മരണമടഞ്ഞത് 6.3.97-ലാണ്. ധനസഹായത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചത് 11.6.97-ലുമാണ്. 13.12.95-ലെ ജി.ഒ.(പി) നമ്പർ 47/95/സാ.ക്ഷേ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കുടുംബത്തിലെ മുഖ്യ വരുമാനദായകൻ മരണമടഞ്ഞ് ഒരുമാസത്തിനകം ഈ പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിരിക്കണം. സമയപരിധി കഴിഞ്ഞുലഭിക്കുന്ന അപേക്ഷകളിന്മേൽ സർക്കാരിന്റെ 18.6.97-ലെ 4318/സി1/37/സാ.ക്ഷേമ.വ. നമ്പർ സർക്കുലർ പ്രകാരം കാലതാമസം നടപ്പാക്കുന്നതിനായുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം സമയപരിധിക്കുള്ളിൽ സമർപ്പിച്ച് അപേക്ഷകൾക്ക് ധനസഹായം നൽകി ബാക്കി തുകയുണ്ടെങ്കിൽ മാത്രമേ ജില്ലാ കളക്ടർക്ക് സമയപരിധിക ഴിഞ്ഞു ലിഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം നടപ്പാക്കാൻ അധികാര മുള്ളൂ. സമയപരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകർക്ക് കൊടുത്തുതീർക്കാനുള്ള തുകപോലും കേന്ദ്രസർക്കാരിൽനിന്നും അനുവദിച്ചുകിട്ടാത്ത സാഹചര്യത്തിൽ കാലതാമസം വന്നിട്ടുള്ള അപേക്ഷകൾ പരിഗണിക്കുവാൻ കഴിയുന്നില്ല.

(ഡി)&(ഇ) റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ശ്രീമതി ഗിരിജയുടെ ഭർത്താവ് നെയ്യാറ്റിൻകര താലൂക്കിലെ കാരക്കോണം സ്വദേശിയായിരുന്നു. അവിടെ അദ്ദേത്തിന്റെ അച്ഛനും അമ്മയും മറ്റു കുടുംബാംഗങ്ങളുമുള്ളതിനാൽ, അവർ നെയ്യാറ്റിൻകര താലൂക്കിൽ ധനസഹായത്തിന് അപേക്ഷിച്ചിട്ടുണ്ടോ എന്ന റിപ്പോർട്ടാണ് നെയ്യാറ്റിൻകര താലൂക്കിൽനിന്നും ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(എഫ്)കാലതാമസം മാപ്പാക്കുന്നതിനുള്ള 600-ലധികം അപേക്ഷകൾ നിലവിലുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ശ്രീമതി ഗിരിജയുടെ അപേക്ഷ പരിഗണിക്കുന്നതാണ്.

325 (1517) ദാക്ഷായണി, നളിനി എന്നിവർ സമർപ്പിച്ച അപേക്ഷ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ താമസക്കാരായ ശ്രീമതി ദാക്ഷായണി, നളിനി എന്നിവർ താമസിക്കുന്ന പുറമ്പോക്ക് ഭൂമി പതിച്ചു കൊടുക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി പ്രസ്തുത പുറമ്പോക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീമതി ദാക്ഷായണിയുടെ അപേക്ഷ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

(ബി)&(സി) ഇക്കാര്യത്തിൽ തദ്ദേശഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly